## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5028 04.07.2012-ൽ മറുപടിയ്ക്ക്

**ടോട്ടൽ ഫോർയു തട്ടിപ്പ് കേസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ സി. മമ്മൂട്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) സാമ്പത്തിക തട്ടിപ്പ് കേസായ ടോട്ടൽ ഫോർയു കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കമോ;

(എ) ടോട്ടൽ ഫോർയു തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനിൽ 34 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി 34 കേസുകൾ ക്രൈംബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായി നൽകിയിട്ടുള്ളതും ആയതിൽ 25 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള കേസുകളിൽ ക്രൈം ബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തി വരികയും അന്വേഷണം അന്തിമ ഘട്ടത്തിലുമാണ്.

(ബി) പ്രസ്തുത കേസിലെ പ്രധാന പ്രതികൾ ആരൊക്കെയാണ്; അവരെ എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത പ്രധാന കേസായ 169/CR/2008 എന്ന കേസിൽ 20 ഓളം പ്രതികളുണ്ട്. പ്രസ്തുത കേസിലെ പ്രധാന പ്രതികളായ 12 പേരുടെ പേര് ചുവടെ ചേർക്കുന്നു.

1. ശബരീനാഥ്
2. രാജൻ
3. ചന്ദ്രമതി അമ്മ
4. ഡോ. രമണി
5. ബിന്ദു മഹേഷ്
6. ബിന്ദു സുരേഷ്
7. ഹേമലത
8. മിലി എസ്. നായർ
9. പ്രമോദ് കെ. ഐസക്
10. ലക്ഷ്മി മോഹൻ
11. അഡ്വ. സുരേഷ് കുമാർ
12. അതീലാ ബീവി.

പ്രസ്തുത 12 പേർ ഉൾപ്പെടെ ആകെ പതിനാറു

| | | | |
|---|---|---|---|
| | | | പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) | ഈ കേസിലെ പ്രതിയായ ശബരീനാഥിന് ഉന്നതരുമായി ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ട ബന്ധത്തെക്കുറിച്ചും ഉന്നതർക്ക് തട്ടിപ്പിലുള്ള ബന്ധത്തെക്കുറിച്ചും അന്വേഷിച്ചിട്ടുണ്ടോ; | (സി) | പ്രസ്തുത കേസിൽ തട്ടിപ്പുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാവരെയും കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കേസ് രജിസ്ററർ ചെയ്തശേഷം ശബരീനാഥ് വേറെ ഏതെങ്കിലും സാമ്പത്തികതട്ടിപ്പ് കേസുകളിലോ മറ്റുക്രിമിനൽ കേസുകളിലോ പ്രതിയായിട്ടുണ്ടോ; എങ്കിൽ അതിന്റെയെല്ലാം വിശദ വിവരം നല്കാമോ; | (ഡി) | പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തശേഷം 2 ക്രിമിനൽ കേസുകളിൽ ശബരീനാഥ് പ്രതിയായിട്ടുണ്ട്. (1) വഞ്ചിയൂർ പോലീസ് സ്റ്റേഷൻ ക്രൈം 125/2012 u/s198, 199, 200, 465, 468,479, 419 IPC പ്രകാരവും (2) ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം 980/2009 u/s 376, 366 (A) and 34 IPC പ്രകാരവും |
| (ഇ) | ശബരിനാഥിനെതിരെ അറസ്റ്റ് വാറണ്ട് നിലവിലുണ്ടോ; അത് നടപ്പാക്കിയിട്ടുണ്ടോ? | (ഇ) | അറസ്റ്റ് വാറണ്ട് നിലവിലുണ്ട്. ആയത് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

2